**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6194** **09-11-2021 - ൽ മറുപടിയ്ക്ക്**

**കോവളം മണ്ഡലത്തിൽ പ്രവൃത്തികൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ എം വിൻസെൻറ്** | | **Shri Saji Cherian**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | കോവളം മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന് കീഴിൽ കഴിഞ്ഞ അഞ്ചു വർഷക്കാലം എന്തൊക്കെ പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്; ഇവയിൽ പൂർത്തിയായതും പൂർത്തീകരിക്കാൻ ഉള്ളതുമായ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ? | (എ) | കോവളം മണ്ഡലത്തിൽ കഴിഞ്ഞ അഞ്ചു വർഷക്കാലം ഫിഷറീസ് വകുപ്പിലും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവ മുഖേനയും നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## I. ഫിഷറീസ് വകുപ്പ് മുഖാന്തിരം നടപ്പാക്കുന്ന പദ്ധതികൾ

1. കോവളം നിയോജക മണ്ഡലത്തിൽ 2016 മുതൽ നടപ്പിലാക്കി വരുന്ന വിവിധ ഭവന പദ്ധതികൾ

| പദ്ധതികൾ | എണ്ണം |
|---|---|
| BIF & HDF (2016-17) ഭൂമി വാങ്ങൽ | 80 പേർ |
| BIF & HDF (2017-18) ഭവന നിർമ്മാണം | 80 പേർ |
| കോംപ്രിഹെൻസീവ് ഹൗസിംഗ് (2016-17) | 378 പേർ |
| NFWF ഹൗസിംഗ് (2016-17) | 55 പേർ |
| KSCADC ഹൗസിംഗ് (2016-17) | 22 പേർ |
| ഭവന നവീകരണം (2016-17) | 654 പേർ |
| സാനിറ്റേഷൻ (2016-17) | 93 പേർ |

–

2. ഓഖി ഭവന പദ്ധതികൾ

ഓഖി ഭവന പദ്ധതിയിൽ 11 പേർക്ക് ഭവന നിർമ്മാണം പൂർത്തിയാക്കി 2 പേർക്ക് ഭവന പദ്ധതി നടപ്പിലാക്കി വരുന്നു.

3. വിവിധ മത്സ്യകൃഷി പദ്ധതികൾ

| മത്സ്യകൃഷി രീതി | കൃഷി ചെയ്ത ഏരിയ / യൂണിറ്റ് |
|---|---|
| വിശാല മത്സ്യകൃഷി (പൊതുകുളം) | 2.3 ഹെക്ടറിൽ - 5 എണ്ണം |
| വിശാല മത്സ്യകൃഷി (സ്വകാര്യകുളം | 1.8 ഹെക്ടറിൽ ( 24 കർഷകർ) |
| അർദ്ധ ഊർജ്ജിത മത്സ്യകൃഷി | 1.18 ഹെക്ടറിൽ ( 6 കർഷകർ) |
| വീട്ടുകുളങ്ങളിലെ മത്സ്യകൃഷി (മൺകുളം) | 5 എണ്ണം |
| ഓരുജലാശയ കൂട് കൃഷി | 1 എണ്ണം |

കൂടാതെ ജില്ലാ പഞ്ചായത്ത് മുഖേന നടപ്പിലാക്കിയ സുഭിക്ഷ കേരളം പദ്ധതി യുടെ ഭാഗമായി കോവളം നിയോജക മണ്ഡലത്തിൽ 3 യൂണിറ്റ് (9 എണ്ണം) വീട്ട് വള പ്പിൽ കുളത്തിലെ മത്സ്യകൃഷി നടപ്പിലാക്കിയതിലൂടെ ഗുണഭോക്താക്കൾക്ക് 1,47,600/- രൂപ സബ്സിഡി ഇനത്തിൽ അനുവദിക്കുകയുായി.

പൊതു ജലാശയങ്ങളിലെ മത്സ്യവിത്ത് നിക്ഷേപം (റാഞ്ചിംഗ്) പദ്ധതിയുമായി ബന്ധപ്പെട്ട് 11.50 ലക്ഷം കാർപ്പ് ഇനത്തിൽപ്പെട്ട മത്സ്യവിത്തും 10 ലക്ഷം ചെമ്മീൻ വിത്തും 1 ലക്ഷം പൂമീൻ വിത്തും വിവിധ കടവുകളിലായി നിക്ഷേപിക്കുകയുണ്ട ായി.

കോവളം നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ബാലരാമപുരം, വെങ്ങാനൂർ, കല്ലിയൂർ ഗ്രാമപഞ്ചായത്തുകളിൽ ഫിഷറീസ് വകുപ്പു മുഖേന കഴിഞ്ഞ അഞ്ചു വർഷ

ങ്ങളിൽ 14.64 ഹെക്ടർ പ്രദേശത്ത് മത്സ്യകൃഷി നടപ്പിലാക്കിയിട്ടുണ്ട് . പൊതുകുളങ്ങളിലെ മത്സ്യവിത്തു നിക്ഷേപം, പൊതു ജലാശയങ്ങളിൽ മത്സ്യവിത്തു നിക്ഷേപം (വെളളായണി കായൽ), സെമി ഇന്റൻസീവ് ഫാമിംഗ്, കൂട് കൃഷി, ബയോഫ്ളോക്ക്, പടുതകുളങ്ങളിലെ മത്സ്യകൃഷി തുടങ്ങിയ വൈവിദ്ധ്യമാർന്ന മത്സ്യകൃഷി പദ്ധതികൾ ജനകീയ മത്സ്യകൃഷി, സുഭിക്ഷ കേരളം, പി.എം.എം.എസ്.വൈ എന്നീ പദ്ധതികൾ മുഖേന യാണ് നടപ്പിലാക്കിയത്. ടി പ്രദേശത്ത് 165 ഗുണഭോക്താക്കൾ പദ്ധതി പ്രകാരം മത്സ്യ കൃഷി നടപ്പിലാക്കിയിട്ട്.

കൂടാതെ ഓഖിയിൽ നഷ്ടമായ മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമകൾക്ക് ധനസഹായം നൽകിയിട്ടു ണ്ട്. മത്സ്യത്തൊഴിലാളികൾക്ക് ഗ്രൂപ്പ് അടിസ്ഥാനത്തിൽ എഫ്.ആർ.പി ബോട്ടുകൾ നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷയ്ക്കായി സുരക്ഷാ ഉപകരണങ്ങൾ ആയ ലൈഫ് ജാക്കറ്റ്, നാവിക് ജി.പി,എസ്, സാറ്റലൈറ്റ് ഫോൺ എന്നിവ വിതരണം ചെയ്തിട്ടുണ്ട് . മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനും ഇൻഷുറൻസ് പരിരക്ഷ നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.

കടൽ സുരക്ഷ പദ്ധതിയുടെ ഭാഗമായി 6.08 കോടി രൂപ ചെലവിൽ നിർമ്മിച്ച മറൈൻ ആംബുലൻസ് വിഴിഞ്ഞം കേന്ദ്രീകരിച്ച് പ്രവർത്തിച്ചു വരുന്നു.

## II. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| | **201617 സാമ്പത്തിക വർഷം** | | |
| 1 | ജി.വി.എച്ച്.എസ്.എസ്. പൂവാർ സ്മാർട്ട് ക്ലാസ്സ് നിർമ്മാണം | 7.00 | പൂർത്തീകരിച്ച |
| 2 | ജി.വി.എച്ച്.എസ്.എസ്. പൂവാർ കായിക ഉപകരണ വിതരണം | 0.40272 | പൂർത്തീകരിച്ച |
| 3 | ഗവ.മുഹമ്മദൻ എൽ.പി.എസ്. പുല്ലുവിള അടുക്കള നിർമ്മാണം | 10.00 | പൂർത്തീകരിച്ച |
| | **2017-18 സാമ്പത്തിക വർഷം** | | |
| 1 | കൊച്ചുതുറ കൃത്രിമപ്പാര് സ്ഥാപിക്കൽ | 50.00 | പൂർത്തീകരിച്ച |
| | **201920 സാമ്പത്തിക വർഷം** | | |
| 1 | വിഴിഞ്ഞം മത്സ്യ സംസ്കരണ യൂണിറ്റും റെസ്റ്റാറന്റും | 400.00 | പൂർത്തീകരിച്ച വരുന്ന |
| 2 | കൊച്ചുതുറ കൃത്രിമപ്പാര് സ്ഥാപിക്കൽ | 47.79 | പൂർത്തീകരിച്ച |
| 3 | അടിമലത്തുറ കൃത്രിമപ്പാര് | 47.79 | പൂർത്തീകരിച്ച |

| | | | |
|---|---|---|---|
| | സ്ഥാപിക്കൽ | | |
| 4 | പൂവാർ ഫെറോ സിമെന്റ് കൃത്രിമപ്പാര് സ്ഥാപിക്കൽ | 41.10 | സാഫ് മുഖേന നടപ്പിലാകുന്നതാണ് |
| **2020-21 സാമ്പത്തിക വർഷം** | | | |
| 1 | പൂവാർ കൃത്രിമപ്പാര് സ്ഥാപിക്കൽ | 70.00 | പദ്ധതി പുരോഗമിക്കുന്നു |

## III. മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

സഹകരണ വകുപ്പുമായി ചേർന്നുള്ള മത്സ്യവിപണന പദ്ധതിയിൽ കോവളം മണ്ഡലത്തിൽ കല്ലിയൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1243 - മായി ചേർന്ന് ഫ്രൊഞ്ചൈസി വ്യവസ്ഥയിൽ മത്സ്യഫെഡ് ഫിഷ്മാർട്ട് സ്ഥാപിച്ച് 20/08/2020 ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് .

## IV. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

കോവളം മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന് കീഴിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന കഴിഞ്ഞ അഞ്ചു വർഷക്കാലമായി നടപ്പാക്കുന്ന പ ദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പൂർത്തീകരിച്ച പ്രവൃത്തികൾ

1. ചപ്പാത്ത് അടിമലതുറ റോഡ് ടാറിംഗും ഓട നിർമ്മാണവും-72.80 ലക്ഷം.
2. വിഴിഞ്ഞം കോസ്റ്റൽ പോലീസ് സ്റ്റേഷൻ മുതൽ സൗത്ത് FLC വരെയുള്ള റോഡ് പുനരുദ്ധാരണം-37.30 ലക്ഷം.
3. വിഴിഞ്ഞം ഫിഷറീസ് ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണം-100 ലക്ഷം.

2) പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ

1. ഐ.ബി ജംഗഷൻ കസ്തൂരിക്കുളം മുതൽ ചന്തമുക്ക് വരെയുള്ള റോഡിന്റെ പുനരുദ്ധാരണം-20.30 ലക്ഷം.
2. കരിങ്കുളം പഞ്ചായത്തിലെ പള്ളം പള്ളി റോഡിന്റെ പുനരുദ്ധാരണം-12.50 ലക്ഷം.
3. കരിങ്കുളം പഞ്ചായത്തിലെ മദർതരേസാ റോഡിന്റെ പുനരുദ്ധാരണം-9.31 ലക്ഷം.
4. വിഴിഞ്ഞം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ഐ.പി ബ്ലോക്ക് നിർമ്മാണം-779 ലക്ഷം.

പൂവ്വാർ ബീച്ച് റോഡ് പ്രവൃത്തിയിലെ കുറച്ച് ഭാഗം മറ്റ് ഏജൻസി മുഖേന നടപ്പിലാക്കുകയും കുറച്ചു ഭാഗത്ത് തർക്കം/കേസ് നിലനിൽക്കുന്നതിനാൽ പ്രവൃത്തി നടപ്പിലാക്കിയിട്ടില്ല.